പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 283 10/06/2013-ൽ മറുപടിക്ക്

## ഗോത്ര സഫലി പദ്ധതി

ചോദ്യം മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ : കുമാരി.പി.കെ.ജയലക്ഷ്മി
ശ്രീ.വി.പി.സജീന്ദ്രൻ (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
ശ്രീ.വി.ഡി.സതീശൻ കാഴ്ചബംഗ്ളാവുകളും
ശ്രീ.എം.പി.വിൻസെന്റ് മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | 'ഗോത്ര സഫലി ' പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഗോത്ര സഫലി എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ ഗോത്ര സാരഥി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൊഴിഞ്ഞു പോക്ക് ഒഴിവാക്കുവാനും ലക്ഷ്യമിട്ട് അവർക്ക് 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സ്കൂളിൽ പോയി വരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പുമായും സ്കൂൾ പി.ടി.എയുമായും ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. പി.ടി.എ/ ഗ്രാമ പഞ്ചായത്ത് മെമ്പർമാർ / എസ്.ടി |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർമാർ എന്നിവർ ചേർന്ന സമിതി, പ്രവർത്തനം വിലയിരുത്തുന്നതാണ്. |
| (ഡി) | ദുർഘട പ്രദേശത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പോയി വരുന്നതിന് സ്കൂൾ അദ്ധ്യാപക രക്ഷകർത്തൃ സംഘടന മുഖേന വാഹന സൗകര്യം ഏർപ്പെടുത്തി നൽകുന്ന ഒരു പദ്ധതിയാണിത്. പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വിശദീകരണക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

*അനുബന്ധം*

<u>വിശദീകരണ കുറിപ്പ്</u>

<u>ഗോത്ര സാരഥി- പദ്ധതി നിർവ്വഹ മാർഗ്ഗ നിർദ്ദേശങ്ങൾ</u>

കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയുന്നതിന് സ്കൂളിൽ പോയി വരാൻ വാഹന സൗകര്യം ഒരുക്കിക്കൊടുക്കുന്ന പദ്ധതി.

<u>മാർഗ്ഗ നിർദ്ദേശങ്ങൾ</u>

1 സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

2 ഈ പദ്ധതിയനുസരിച്ച് എൽ.പി. തലത്തിൽ പഠിക്കുന്ന കുട്ടികളുടെ വാസസ്ഥലവും സ്കൂളും തമ്മിൽ 1/2 കി.മീ.-ൽ കൂടുതലും യു.പി. തലത്തിലുള്ള കുട്ടുകളുടേത് 1 കി.മി. -റിലും കൂടുതലും ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികളുടേത് 2 കി.മീ.- റിലും കൂടുതലാണെങ്കിൽ,സ്കൂൾ വകയോ മറ്റേതെങ്കിലും വകയോ, സൗജന്യ വാഹന സൗകര്യമില്ലെങ്കിൽ സർക്കാർ വക സൗജന്യ വാഹന സൗകര്യം ഏർപ്പെടുത്തി നൽകുന്നതാണ്.

ഒരു കോളനിയിൽ നിന്നും സ്കൂളുകളിൽ പോയി വരുന്ന കുട്ടികളുടെ എണ്ണം 5 ഓ അതിൽ കുറവോ ആണെങ്കിൽ ആ കുട്ടികൾക്ക് ഓട്ടോറിക്ഷയും 5 മുതൽ 12 വരെ ആണെങ്കിൽ ജീപ്പും
ഏർപ്പെടുത്തിക്കൊടുന്നതാണ്.

3 4. ഇതിനായി ഓരോ സ്ക്കൂളിലും താഴെ കൊടുത്ത പ്രകാരം ഒരു കമ്മിറ്റി ഉണ്ടായിരിക്കും.

1) സ്ക്കൂൾ പി.റ്റി.എ പ്രസിഡന്റ് - കൺവീനർ
2) സ്ഥലം വാർഡ് മെമ്പർ - അംഗം
3) സ്ക്കൂളിലെ ഏറ്റവും സീനിയർആയ അദ്ധ്യാപകൻ - അംഗം
4) പട്ടികവർഗ്ഗ വിഭാഗത്തിലെ 2 സാമൂഹ്യപ്രവർത്തകർ (ഒരു പുരുഷനും ഒരു സ്ത്രീയും) - അംഗങ്ങൾ
5) സ്ക്കൂൾ എച്ച്.എം/പ്രിൻസിപ്പൽ - അംഗം
6)സ്ഥലത്തെ എസ്.റ്റി പ്രമോട്ടർ - അംഗം

5. ഈ പദ്ധതി നടത്തിപ്പിനായുള്ള ഫണ്ട് കൈകാര്യം ചെയ്യാൻ സ്ക്കൂളിലെ ഏറ്റവും സീനിയറായ അദ്ധ്യാപകന്റെ (അംഗം) പേരിൽ തൊട്ടടുത്തുള്ള എസ്.ബി.റ്റി ശാഖയിൽ ഒരു അക്കൗണ്ട് ആരംഭിക്കേണ്ടതും ടി അക്കൗണ്ടിൽ ഈ ആവശ്യത്തിന് ലഭിക്കുന്ന ഫണ്ടല്ലാതെ മറ്റുള്ളതൊന്നും നിക്ഷേപിക്കാതിരിക്കുകയും ചെയ്യണം.

6. ഈ ആവശ്യത്തിന് ഏർപ്പെടുത്തുന്ന ഓട്ടോറിക്ഷ/ജീപ്പ്/മിനിവാൻ സൗകര്യങ്ങൾ ക്വട്ടേഷനുകൾ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനങ്ങളെ ഏർപ്പാട് ചെയ്യേണ്ടതും അപ്രകാരം സാധിക്കാത്തപക്ഷം വാഹന ഉടമകളുമായി നെഗോഷ്യേറ്റ്ചെയ്ത് അതത് പ്രദേശങ്ങളിൽ പട്ടികവർഗ്ഗേതര വിദ്യാർഥികളെ സ്ക്കൂളുകളിൽ കൊണ്ടു വരുന്ന വാഹനങ്ങൾ ഈടാക്കുന്നതിലും കൂടുതൽ അല്ലാത്ത നിരക്കിൽ കരാറിലേർപ്പെട്ട് ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. ഈ ആവശ്യത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾ അതത്പ്രദേശത്ത് സ്ഥിരം ട്രിപ്പ് നടത്തുന്നവ ആയിരിക്കുകയും സ്ഥിരം ട്രിപ്പുകൾക്ക് ഈടാക്കുന്ന ചാർജ്ജിൽ കൂടുതൽ ഈ പദ്ധതിയിൽ നിന്നും ഈടാക്കുന്നതും ആയിരിക്കാൻ പാടില്ല.

. ഈ പദ്ധതിക്കായി ഏർപ്പെടുത്തുന്ന വാഹനങ്ങളുടെ ഉടമകളുമായി കമ്മിറ്റി ഏറ്റവും കുറഞ്ഞത് ഒരു അദ്ധ്യയന വർഷത്തേയ്ക്ക് സാധ്യതയുള്ള ഒരു ധാരണാപത്രം തയ്യാറാക്കേണ്ടതും അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കാൻ മറ്റ് വാഹനങ്ങൾ കണ്ട് വെക്കേണ്ടതുമാണ്.

. ഈ ഇനത്തിൽ ലഭിക്കുന്ന ഫണ്ടിന്റെ കൈകാര്യകർത്താവ് മുകളിൽ ഖണ്ഡിക 5 ൽപറഞ്ഞ സ്ക്കൂളിലെ ഏറ്റവും സീനിയറായ അദ്ധ്യാപകന്റേതായിരിക്കും.

. ഓരോ പ്രദേശത്തിന്റെ പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് ഈ പദ്ധതിയുടെ സദുദ്ദേശത്തിനനുസൃതമായ സൗകര്യങ്ങൾ കമ്മിറ്റിയ്ക്ക് ഏർപ്പെടുത്താവുന്നതാണ്.

. 10.കി.മീ ൽ കൂടുതൽ ദൂരയാത്രചെയ്യേണ്ടിവരുന്ന കുട്ടികൾക്ക് യഥാർത്ഥ ബസ് ചാർജ്ജ് /സീസൺ ടിക്കറ്റ് വില ഈ പദ്ധതിയിൽ നിന്നും അനുവദിക്കുന്നതാണ്.

1. എല്ലാ കുട്ടികളെയും ഓരോ വർഷവും ഒറ്റത്തവണ പ്രീമിയം അടവ് നടത്തി അപകട ഇൻഷൂർ ചെയ്യേണ്ടതാണ്.

12. ഈ പദ്ധതിയുടെ മേൽനോട്ടം അതത് പ്രദേശത്തെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്കായിരിക്കും.